കേരള സർക്കാർ **വിവര പൊതുജന സമ്പർക്ക വകുപ്പ്**

ജില്ലാ ഇൻഫർമേഷൻ ഓഫീസ്, കാസർകോട്

2018 ഡിസം**ബർ** 19,ബുധൻ

# പത്രക്കുറിപ്പ്

**www.prd.kerala.gov.in** **04994 255145** **dioksgd@gmail.com**

## വാർഷിക ഭേദഗതി പദ്ധതികൾക്ക് അംഗീകാരം നൽകി

ജില്ല-ബ്ലോക്ക് പഞ്ചായത്തുകളുൾപ്പെടെ 45 തദ്ധേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ 2018-19 ലെ ഭേദഗതി പദ്ധതികൾക്ക് ജില്ലാ ആസൂതണ സമിതി യോഗം അംഗീകാരം നൽകി. കൂടാതെ മടിക്കൈ, ചെറുവത്തൂർ, കള്ളാർ, പനത്തടി, ബളാൽ എന്നീ അഞ്ച് ഗ്രാമപഞ്ചായത്തുകളുടെ 2019-20ലെ വാർഷിക പദ്ധതികൾക്കും അംഗീകാരം നൽകി. ഈ സാമ്പത്തിക വർഷത്തെ ഭേദഗതി പദ്ധതികൾക്കുള്ള അംഗീകാരം നേടുന്നതിനുള്ള നടപടിക്രമങ്ങൾ ഡിസംബർ 31 നകം പൂർത്തീകരിക്കണമെന്ന് പ്ലാനിങ്ങ് ഓഫീസർ അറിയിച്ചു. ഡിസംബർ 27 ന് നടക്കുന്ന മന്ത്രിതല അവലോകനത്തിന് മുമ്പായി പദ്ധതി നിർവ്വഹണം ഊർജിതപ്പെടുത്തി ചെലവ് ശതമാനം വർധിപ്പിക്കണമെന്നും അദ്ദേഹം പറഞ്ഞു. യോഗത്തിൽ ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ, ജില്ലാ പ്ലാനിങ്ങ് ഓഫീസർ, ആസൂത്രണ സമിതി അംഗങ്ങൾ, ജില്ലാതല ഉദ്യോഗസ്ഥർ, തദ്ദേശ സ്വയംഭരണ സ്ഥാപന അധ്യക്ഷന്മാർ, സെക്രട്ടറിമാർ സംബന്ധിച്ചു.

## നിയമസഭാ പരിസ്ഥിതി സമിതി സിറ്റിങ്ങ് ജനുവരി 4 ന്

കേരള നിയമസഭയുടെ പരിസ്ഥിതി സംബന്ധിച്ച സമിതി കാസർകോട് കളക്ടറേറ്റ് കോൺഫറൻസ് ഹാളിൽ ജനുവരി 4 ന് രാവിലെ 10 ന് യോഗം ചേരും. ജില്ലയിലെ വിവിധ പരിസ്ഥിതി മലിനീകരണപ്രശ്നങ്ങൾ സംബന്ധിച്ച്, സമിതിയുടെ പരിഗണനയിലുള്ള നിവേദനങ്ങളിന്മേൽ ബന്ധപ്പെട്ട വകുപ്പുദ്യോഗസ്ഥരിൽ നിന്നും തെളിവെടുപ്പ് നടത്തും.പരിസ്ഥിതി പ്രവർത്തകർ,പൊതുജനങ്ങൾ എന്നിവരിൽ നിന്നും നിവേദനങ്ങൾ സ്വീകരിക്കുകയും തുടർന്ന് സമിതി കാഞ്ഞങ്ങാട്, നീലേശ്വരം, തൃക്കരിപ്പൂർ തുടങ്ങിയ സ്ഥലങ്ങൾ സന്ദർശിക്കുകയും ചെയ്യും.

## ക്വട്ടേഷൻ ക്ഷണിച്ചു

തൃശ്ശൂരിൽ ഡിസംബർ 27 ന് നടക്കുന്ന വൈഗ 2018 ശിൽപശാലയിൽ പങ്കെടുക്കുന്നതിന് കുടുംബശ്രീ ജില്ലാ മിഷന് 50 സീറ്റുള്ള എ സി(പുഷ്ബേക്ക് സീറ്റ്) ബസ്സ് ലഭ്യമാക്കുന്നതിന് താല്പര്യമുള്ള വ്യക്തികളിൽ നിന്നും ഏജൻസികളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ കുടുംബശ്രീ ജില്ലാ മിഷൻ ഓഫീസിൽ ഡിസംബർ 24 ന് വൈകുന്നേരം 3 മണിവരെ സ്വീകരിക്കും. കൂടുതൽ വിവരങ്ങൾക്ക് -04994 256111.

## ക്വട്ടേഷൻ ക്ഷണിച്ചു

ടെസ്ക്ടോപ്പ് കപ്യൂട്ടർ, മൾട്ടിഫങ്ക്ഷണൽ പ്രിന്റർ എന്നിവ വിതരണം ചെയ്യുന്നതിന് സ്ഥാപനങ്ങളിൽ നിന്നും ഏജൻസികളിൽനിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ക്വട്ടേഷൻ ഡിസംബർ 31 ന് വൈകിട്ട് 3 നകം ജില്ലാ പ്രോഗ്രാം മാനേജർ, ദേശീയ ആരോഗ്യ ദൗത്യം, ഹോസ്ദുർഗ്ഗ്, കാഞ്ഞങ്ങാട് പി.ഒ, പിൻ-671315 എന്ന വിലാസത്തിൽ സമർപ്പിക്കണം.

## പ്രതിമാസയോഗം നാളെ

ഭാരതീയ ചികിത്സാ വകുപ്പിനു കീഴിലുള്ള ജില്ലയിലെ മെഡിക്കൽ ഓഫീസർമാരുടെ പ്രതിമാസയോഗം നാളെ(ഡിസംബർ 21) രാവിലെ 10 ന് ഹോസ്ദുർഗ് താലൂക്ക് കോൺഫറൻസ് ഹാളിൽ ചേരും. യോഗത്തിൽ ജി.എസ്.ടി വകുപ്പിലെ ഉദ്യോഗസ്ഥർ ടി.ഡി.എസ് ഫയലിംഗ് സംബന്ധിച്ച ക്ലാസ്സ് എടുക്കും. മുഴുവൻ മെഡിക്കൽ ഓഫീസർമാരും യോഗത്തിൽ പങ്കെടുക്കണമെന്ന് ഐ എസ് എം ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു.

## ക്വട്ടേഷന്‍ ക്ഷണിച്ചു

സി.എച്ച്. സി മൂളിയാറിലുള്ള പാലിയേറ്റീവ് കെയര്‍ യൂണറ്റിലെ രോഗികള്‍ക്ക് വീല്‍ ചെയര്‍, കമ്മോഡ് ചെയര്‍, മറ്റു ഉപകരണങ്ങള്‍ മുതലായവ വിതരണം ചെയ്യുന്നതിന് അംഗീകൃത സ്ഥാപനങ്ങളില്‍ നിന്നും മുദ്രവെച്ച ക്വട്ടേഷനുകള്‍ ക്ഷണിച്ചു. ഫോണ്‍- 04994 250101.

## ടെണ്ടര്‍ ക്ഷണിച്ചു

മംഗല്‍പാടി താലൂക്ക് ആശൂപത്രിയില്‍ മെഡിസിന്‍ ട്രോളി, ക്രാഷ് കാര്‍ട്ട്,പെഷ്യന്റ് ട്രോളി, നിഡില്‍ ഹബ് കട്ടര്‍, മെഡിസിന്‍ റാക്ക്, ഫിംഗര്‍ പള്‍സ് ഒക്സിമിറ്റര്‍ എന്നിവ വിതരണം ചെയ്യുന്നതിന് ക്വട്ടേഷന്‍ ക്ഷണിച്ചു. ക്വട്ടേഷന്‍ സ്വീകരിക്കുന്ന അവസാന തിയതി ഡിസംബര്‍ 26 രാവിലെ 11 വരെ . ഫോണ്‍- 04998 242098.

## ഭൂമി ലേലം ചെയ്യും

ബാങ്ക് ലോണ്‍ കുടിശ്ശിക ഇനത്തിലെ തുകയായ 26,20,000 രൂപയും പലിശയും റവന്യൂ റിക്കവറി നിയമപ്രകാരം ഈടാക്കുന്നതിന്റെ ഭാഗമായി വലിയ പറമ്പ ഗ്രാമത്തിലെ റീ.സ.നം.415/പാര്‍ട്ട് ലെ 0.06 ഏക്കര്‍ ഭൂമിയും അതിലെ വിപി III/186/എ നമ്പര്‍ കെട്ടിടവും കെട്ടിടത്തിനകത്തെ ഡിറ്റര്‍ജന്റ് പൗഡര്‍ നിര്‍മ്മാണ സാമഗ്രികളും ഡിസംബര്‍ 31 ന് രാവിലെ 11 ന് വലിയപറമ്പ വില്ലേജ് ഓഫീസില്‍ ലേലം ചെയ്യും.

## സ്ഥലം ലേലം ചെയ്യും

പിഴത്തുക ഒടുക്കാത്തതിനാല്‍ ജപ്തി ചെയ്ത ചെറുവത്തൂര്‍ വില്ലേജിലെ റീ.സ.നം.37/1 ല്‍ പ്പെട്ട 0.12 ഏക്കര്‍ സ്ഥലവും, അതിലെ സകലവും ഡിസംബര്‍ 26 ന് രാവിലെ 11 മണിക്ക് ചെറുവത്തൂര്‍ വില്ലേജ് ഓഫീസില്‍ ലേലം ചെയ്ത് വില്‍പ്പന നടത്തും. ലേല സംബന്ധമായ കൂടുതല്‍ വിവരങ്ങള്‍ക്ക് ഹോസ്ദുര്‍ഗ്ഗ് താലൂക്ക് ഓഫീസുമായോ, ചെറുവത്തൂര്‍ വില്ലേജ് ഓഫീസുമായോ ബന്ധപ്പെടുക.

## മെഗാ അദാലത്ത് നടത്തും

സംസ്ഥാന വനിതാ കമ്മീഷൻ ജനുവരി 25 ന് കാസർകോട് കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ രാവിലെ 10.30 മുതൽ മെഗാ അദാലത്ത് നടത്തും.

## അവസാന തീയ്യതി ഇന്ന്

കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധിയിൽ അംഗങ്ങളായ തൊഴിലാളികളുടെ മക്കൾക്ക് 2018-19 അദ്ധ്യായന വർഷത്തേക്കുള്ള വിദ്യാഭ്യാസ സ്കോളർഷിപ്പിനുള്ള അപേക്ഷകൾ ജില്ലാ ഓഫീസിൽ സ്വീകരിക്കുന്ന അവസാന തീയ്യതി ഇന്നാണെന്ന് കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡ് ജില്ലാ എക്സിക്യൂട്ടീവ് ഓഫീസർ അറിയിച്ചു.

## കാർ ലേലം ചെയ്യും

ബാങ്ക് ലോൺ കുടുശ്ശിക ഇനത്തിൽ ഒടുക്കേണ്ട തുക ഈടാക്കുന്നതിന്റെ ഭാഗമായി കേരള റവന്യൂ റിക്കവറി നിയമപ്രകാരം ജപ്തി ചെയ്തിട്ടുള്ള കെഎൽ/ 60/ജെ 9280 നമ്പർ (TATA ZEST XE QJET) കാർ ഡിസംബർ 31 ന് രാവിലെ 11 ന് ഹോസ്ദുർഗ് താലൂക്ക് ഓഫീസിൽ ലേലം ചെയ്യും. ലേല സംബന്ധമായ കൂടുതൽ വിവരങ്ങൾക്ക് ഹോസ്ദുർഗ്ഗ് താലൂക്ക് ഓഫീസുമായോ, കൊടക്കാട് വില്ലേജ് ഓഫീസുമായോ ബന്ധപ്പെടുക.

## ഗസ്റ്റ് ഇൻസ്ട്രക്ടർ അഭിമുഖം നാളെ

കാസർകോട് ഗവ. ഐ.ടി.ഐ യിൽ ജൂനിയർ ഇൻസ്ട്രക്ടർ തസ്തികയിൽ ഇൻഫർമേഷൻ ആന്റ് കമ്മ്യൂണക്കേഷൻ ടെക്നോളജി സിസ്റ്റം മെയിന്റനൻസ് എന്ന ട്രേഡിലെക്ക് ഗസ്റ്റ് ഇൻസ്ട്രക്ടർ ഇന്റർവ്യൂ നാളെ(21) രാവിലെ 10 മണിക്ക് നടത്തും. യോഗ്യത - കമ്പ്യൂട്ടർ സയൻസ് / ഐടി/ഇല്കട്രോണിക്സ് ആന്റ് കമ്മ്യൂണിക്കേഷൻ എന്നിവയിൽ ഡിപ്ലോമ/ ബിരുദം, അല്ലങ്കിൽ ബന്ധപ്പെട്ട ട്രേഡിൽ മൂന്ന് വർഷത്തെ പ്രവൃത്തി പരിചയത്തോടെയുള്ള എൻ.ടി.സി/ഒരു വർഷത്തെ പ്രവർത്തി പരിചയത്തോടെയുള്ള എൻ.എ.സി. കൂടുതൽ വിവരങ്ങൾക്ക് -04994 256440.

## കന്നട വിവർത്തകനെ ആവശ്യമുണ്ട്

ജില്ലാ പഞ്ചായത്ത് ഓഫീസിൽ കൺസോളിഡേറ്റഡ് വേതനത്തിൽ കന്നഡ വിവർത്തകനെ നിയമിക്കും. കന്നഡ, മലയാളം, ഭാഷകളിൽ വിവർത്തനത്തിലുള്ള പ്രാവീണ്യം, കമ്പ്യൂട്ടർ ടൈപ്പിംഗ്, മുൻകാല സേവന പരിചയം എന്നിവയുള്ളവർക്ക് ഡിസംബർ 27 ന് രാവിലെ 11 ന് ജില്ലാ പഞ്ചായത്ത് ഓഫീസിൽ നടക്കുന്ന അഭിമുഖത്തിൽ പങ്കെടുക്കാം ഉദ്യോഗാർത്ഥികൾ വിദ്യാഭ്യാസ യോഗ്യത, പ്രവൃത്തി പരിചയം, വയസ്സ് എന്നിവ തെളിയിക്കുന്ന അസ്സൽ രേഖകൾ സഹിതം അഭിമുഖത്തിന് ഹാജരാകണം. ഫോൺ- 04994 256722.

## അപേക്ഷ ക്ഷണിച്ചു

സ്റ്റേറ്റ് റിസോഴ്സ് സെന്ററിനു കീഴിൽ പ്രവർത്തിക്കുന്ന എസ്.ആർ.സി. കമ്മ്യൂണിറ്റി കോളേജ് ജനുവരി സെഷനിൽ നടത്തുന്ന സർട്ടിഫിക്കറ്റ് ഇൻ കൗൺസിലിംഗ് സൈക്കോളജി കോഴ്സിന് അപേക്ഷ ക്ഷണിച്ചു. വിദൂരവിദ്യാഭ്യാസ രീതിയിൽ നടത്തപ്പെടുന്ന ഈ കോഴ്സിന് ആറു മാസമാണ് കാലാവധി. അപേക്ഷാ ഫോറവും പ്രോസ്പക്ടസും 200 രൂപ നിരക്കിൽ തിരുവനന്തപുരത്ത് നന്ദാവനം പോലീസ്ക്യാമ്പിനു സമീപം പ്രവർത്തിക്കുന്ന എസ്.ആർ.സി ഓഫീസിൽ നിന്നും നേരിട്ട് ലഭിക്കും. തപാലിൽ വേണ്ടവർ എസ്.ആർ സി കമ്മ്യൂണിറ്റി കോളേജിന്റെ പേരിൽ തിരുവനന്തപുരത്ത് മാറാവുന്ന 250 രൂപയുടെ ഡിമാന്റ് ഡ്രാഫ്റ്റ് സഹിതം അപേക്ഷിക്കുക. കോഴ്സ്, സ്റ്റഡി സെന്റർ സംബന്ധിച്ച വിശദാംശങ്ങൾ www.src.kerala.gov.in/ www.srccc.in എന്നീ വെബ്സൈറ്റുകളിൽ ലഭ്യമാണ്. അപേക്ഷ സമർപ്പിക്കേണ്ട അവസാന തീയതി ഡിസംബർ 31. കൂടുതൽ വിവരങ്ങൾക്ക്-9400751874

## ബാലവേലയിൽ നിന്നും മൂന്നു കുട്ടികളെ മോചിപ്പിച്ചു

ബാലവേല വിരുദ്ധ ജില്ല ടാസ്ക് ഫോഴ്സിന്റെ അംഗങ്ങൾ നടത്തിയ സ്ക്വാഡ് പരിശോധനയിൽ മൂന്നു കുട്ടികളെ മോചിപ്പിച്ചു. ചെമ്മനാട് ഗ്രാമപഞ്ചായത്തിലെ കളനാട് വില്ലേജിൽ ചെമ്പരിക്ക പ്രദേശത്തെ നോർത്ത്

മുബാറക് മസ്ജിദിന് സമീപം പ്രവർത്തിക്കുന്ന ഫർണിച്ചർ നിർമ്മാണ യൂണിറ്റിൽ കുട്ടികളെ ഉപയോഗിച്ച് ജോലി ചെയ്യിക്കുന്നതായി രഹസ്യ വിവരം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ ജില്ലാ ലേബർ ഓഫീസർ, അസിസ്റ്റന്റ് ലേബർ ഓഫീസർ, ലീഗൽ കം പ്രബേഷണറി ഓഫീസർ, ചൈൽഡ് ലൈൻ ജില്ലാ കോഡിനേറ്റർ, ബേക്കൽ സ്റ്റേഷനിലെ പോലീസ് ഉദ്യോഗസ്ഥർ എന്നിവർ ചേർന്ന് നടത്തിയ സംയുക്ത പരിശോധനയിലാണ് ഇതര സംസ്ഥാനത്ത് നിന്നുള്ള 18 വയസ്സ് തികയാത്ത മൂന്ന് കുട്ടികളെ ജോലി ചെയ്യിക്കുന്നതായി കണ്ടെത്തിയത്. പരിസര വാസികളുടെ സാന്നിദ്ധ്യത്തിൽ കുട്ടികളെ മോചിപ്പിച്ച് കാസർകോട് ചൈൽഡ് വെൽഫെയർ കമ്മിറ്റിക്ക് കൈമാറി. കുട്ടികളെ ഉപയോഗിച്ച് ജോലി ചെയ്യിക്കുന്ന തൊഴിലുടമകൾക്കെതിരെ ശക്തമായ നിയമ നടപടികൾ സ്വീകരിക്കുമെന്നും വരും ദിവസങ്ങളിലും ജില്ലയിൽ ഇത് സംബന്ധിച്ച പരിശോധന ഊർജ്ജിതമാക്കുമെന്നും, ബാലവേല വിരുദ്ധ ജില്ല ടാസ്ക് ഫോഴ്സ് അംഗങ്ങൾ അറിയിച്ചു.

## കുതിപ്പ് പദ്ധതി: അദ്ധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗം ഇന്ന്

ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന കുതിപ്പ് പദ്ധതിയുമായി ബന്ധപ്പെട്ട് ജില്ലയിലെ അംഗീകൃത അധ്യാപക സംഘടനാ പ്രതിനിധികളുടെ യോഗം ഇന്ന് (20) രാവിലെ 11.30ന് പ്രസിഡണ്ടിന്റെ ചേമ്പറിൽ ചേരുമെന്ന് ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എ.ജി.സി ബഷീർ അറിയിച്ചു. അഞ്ചാം ക്ലാസ് മുതൽ 8 വരെയുള്ള കുട്ടികൾക്ക് വിദഗ്ധ പരിശീലനം നൽകി അവരെ ജില്ലയുടെ കായിക മേഖലയ്ക്ക് സംഭാവന ചെയ്യുന്നതിനായി ജില്ലാ പഞ്ചായത്ത് നടപ്പിലാക്കുന്ന പദ്ധതിയാണ് കുതിപ്പ്

## ഒ.ബി.സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പിന് അപേക്ഷ ക്ഷണിച്ചു

സംസ്ഥാനത്തെ ഒ.ബി.സി. സമുദായത്തിൽപ്പെട്ട, കേരളത്തിന് പുറത്ത് ദേശീയ പ്രാധാന്യ മുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ അഖിലേന്ത്യാ അടിസ്ഥാനത്തിൽ 2018-19 വർഷത്തേക്ക് പ്രവേശനം ലഭിച്ച വിദ്യാർത്ഥികൾക്ക് ഒ.ബി.സി പോസ്റ്റ് മെട്രിക് സ്കോളർഷിപ്പ് നൽകുന്നതി നായി പിന്നാക്ക വിഭാഗ വികസന വകുപ്പ് അപേക്ഷ ക്ഷണിച്ചു. അപേക്ഷകൾ സ്വീകരിക്കുന്ന അവസാന തീയതി ജനുവരി 15. അപേക്ഷാ ഫോറത്തിന്റെ മാതൃകയും വിശദവിവരങ്ങളും

www.bcdd.kerala.gov.in എന്ന വെബ്സൈറ്റില്‍ ലഭ്യമാണ്. കൂടുതല്‍ വിവരങ്ങള്‍ക്ക് പിന്നാക്ക വിഭാഗ വികസന വകുപ്പ് കോഴിക്കോട് മേഖലാ ഓഫീസുമായി ബന്ധപ്പെടുക. ഫോണ്‍: **0495 – 2377786**, ഇ-മെയില്‍ : bcddkkd@gmail.com

## ബാലവേല വിരുദ്ധ ടാസ്ക് ഫോഴ്സ് യോഗം ചേര്‍ന്നു

ജില്ലാതല ബാലവേല വിരുദ്ധ ടാസ്ക് ഫോഴ്സ് യോഗം ചേര്‍ന്നു. എ ഡി എം എന്‍. ദേവീദാസ് അദ്ധ്യക്ഷത വഹിച്ചു. ബാലവേലയ്ക്കെതിരായി പ്രചാരണ പ്രവര്‍ത്തനങ്ങള്‍ നടത്തുന്നതിനും ടാസ്ക് ഫോഴ്സ് അംഗങ്ങളുടെ നേതൃത്വത്തില്‍ പരിശോധന ശക്തമാക്കി തൊഴിലുടമകള്‍ക്കെതിരായി കര്‍ശന നിയമ നടപടികള്‍ സ്വീകരിക്കാനും യോഗത്തില്‍ തീരുമാനമായി. ജില്ലാ ലീഗല്‍ സര്‍വ്വീസ് അതോറിറ്റി സബ് ജഡ്ജ്.ഫിലിപ്പ് തോമസ്, കാസര്‍കോട് ആര്‍.ഡി.ഒ അബ്ദുസമദ്, ജില്ലാ ലേബര്‍ ഓഫീസര്‍ (ഇ) ഷാജു.കെ.എ, ജില്ലാ ശിശു സംരക്ഷണ ഓഫീസര്‍ ബിജു.പി, ജുവനൈല്‍ ജസ്റ്റിസ് ബോര്‍ഡ് അംഗം കുഞ്ഞിരാമന്‍.പി.കെ, എ.എസ്.ഐ (ഡി സി ബി)സതീശന്‍.എം, കാസര്‍കോട് അസിസ്റ്റന്റ് ലേബര്‍ ഓഫീസര്‍ എം. ജയകൃഷ്ണ, ചൈല്‍ഡ് ലൈന്‍ ജില്ലാ കോഓര്‍ഡിനേറ്റര്‍ അനീഷ് ജോസ്, ലീഗല്‍ കം പ്രബേഷണറി ഓഫീസര്‍ എ. ശ്രീജിത്ത്, ഡിഡിഇ ഓഫീസ് പ്രതിനിധികളായ ദാമോദരന്‍.കെ, ഷാജു ജോര്‍ജ്ജ്, കെ.വി രാജാമണി തുടങ്ങിയവര്‍ സംബന്ധിച്ചു.

## കുടുംബസംഗമം നടത്തി

വനിതാ ശിശുവികസന വകുപ്പിലെ ജില്ലാശിശുസംരക്ഷണ യൂണിറ്റിന്റെ ആഭിമുഖ്യത്തില്‍ ജില്ലയിലെ ദത്തെടുക്കപ്പെട്ട കുടുംബങ്ങളുടെ സംഗമം നടത്തി. കാസര്‍കോട് ജില്ലാവ്യാപാര ഭവന്‍ കോണ്‍ഫറന്‍സ് ഹാളില്‍ നടന്ന കുടുംബസംഗമം പരിപാടി എഡിഎം എന്‍. ദേവീദാസ് ഉദ്ഘാടനം ചെയ്തു. ജില്ലാശിശു സംരക്ഷണ ഓഫീസര്‍ പി ബിജു അദ്ധ്യക്ഷത വഹിച്ചു ചൈല്‍ഡ് വെല്‍ഫെയര്‍ കമ്മിറ്റി അദ്ധ്യക്ഷ മാധുരി എസ്. ബോസ് , ജെ.ജെ.ബി മെമ്പര്‍ അഡ്വ.പി.പി.മണിയമ്മ , വനിതാ സെല്‍ എസ്.ഐ എല്‍സമ്മ, ഗവ: ചില്‍ഡ്രന്‍സ് ഹോം സൂപ്രണ്ട് അബ്ദുള്ള, ശിശുക്ഷേമസമിതി സെക്രട്ടറി മധു മുതിയക്കാല്‍, ചൈല്‍ഡ് ലൈന്‍ നോഡല്‍ കോഡിനേറ്റര്‍ അനീഷ്ജോസ് തുടങ്ങിയവര്‍ ചടങ്ങില്‍ പങ്കെടുത്തു. പ്രൊട്ടക്ഷന്‍ ഓ

ഫീസർ കെ.ഷുഹൈബ്സ്വാഗതവും ഞ്ഞു ഡി.സി.പി.യു കൗൺസിലർ അനു അബ്ര ഹാം നന്ദിയും പറഞ്ഞു

തുടർന്ന് ഉത്തരവാദിത്ത പൂർണ്ണ രക്ഷാകർത്തത്വം എന്ന വിഷയ ത്തിൽ ഡയറ്റ് സീനിയർ ലക്ചറർ ജനാർദ്ദനൻ മാസ്റ്റർ സെഷൻ കൈകാര്യം ചെയ് തു. പരിപാടിയിൽ മാതാപിതാക്കളുടെയും കുഞ്ഞുങ്ങളുടെയും അനുഭവങ്ങൾ പ ങ്കുവെക്കുകയും കാര്യപരിപാടികൾ അവതരിപ്പിക്കുകയും ചെയ്തു. പരിപാടിയിൽ ക ളമശ്ശേരി രാജഗിരി കോളേജ് ഓഫ് സോഷ്യൽ സയൻസിന്റെ ആഭിമുഖ്യത്തിൽ ദ ത്തെടുക്കപ്പെട്ട കുട്ടികളെക്കുറിച്ചുള്ള പഠനവും നടത്തി.

ജില്ലയിൽ നിയമവിരുദ്ധ ദത്ത് കേസുകൾ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. അനധികൃതമായി കുട്ടികളെ കൈമാറ്റം ചെയ്താൽ ജുവനൈൽ ജസ്റ്റിസ് ആക്റ്റ് 2015 പ്രകാരം 3 വർഷ തടവോ ഒരുലക്ഷം രൂപ പിഴയോ രണ്ടും കൂടിയതോ ആയ ശിക്ഷ ലഭിക്കാവുന്ന കുറ്റകൃത്യവും കുഞ്ഞുങ്ങളെ വിൽപ്പന നടത്തിയാൽ 5 വർഷംതടവോ ഒരുലക്ഷംരൂപ പിഴയോ അല്ലെങ്കിൽ രണ്ടുംകൂടി ചേർന്നതോ ആയ ശിക്ഷ ലഭിക്കാ വുന്ന കുറ്റകൃത്യമാണ്. അതിനാൽ കുഞ്ഞുങ്ങളെ ദത്തെടുക്കാൻ ആഗ്രഹിക്കു ന്നവർ ഇത്തരത്തിലുള്ള ചതിക്കുഴികളിൽ പെടാതെ കളക്ട്രേറ്റിൽ പ്രവർത്തിക്കുന്ന ജില്ലാശിശുസംരക്ഷണ യൂണിറ്റ് ഓഫീസിൽ ബന്ധപ്പെടണം.

ഇതോടൊപ്പം നിയമവിരുദ്ധ ദത്തെടുക്കൽ സംബന്ധിച്ച് ജില്ലയിൽ പൊ തുജന അവബോധ രൂപീകരണത്തിനായി ജില്ലാശിശുസംരക്ഷണ യൂണിറ്റിന്റെ ആഭി മുഖ്യത്തിൽ ആശുപത്രികളിൽ ഇതുസംബന്ധിച്ച പരസ്യപലക സ്ഥാപിക്കുകയും ഡോക്ടർമാർക്കും പാരാമെഡിക്കൽ ജീവനക്കാർക്കും ദത്തെടുക്കൽ സംബന്ധിച്ച ശിൽപശാല നടത്തുകയും ചെയ്യും.

## കൈത്തറി ചിത്രരചനാ മത്സരം സംഘടിപ്പിക്കുന്നു

കേരളത്തിലെ കൈത്തറിയെ പുതുതലമുറയ്ക്ക് പരിചയപ്പെടുത്തുന്ന തിനായി കൈത്തറി വസ്ത്ര ഡയറക്ടറേറ്റിന്റെയും ജില്ലാവ്യവസായകേന്ദ്രത്തിന്റെയും സംയുക്താഭിമുഖ്യത്തിൽ ജില്ലയിലെ എൽ.പി,യു.പി, ഹൈസ്ക്കൂൾ വിദ്യാർത്ഥി കൾക്ക് ചിത്രരചനാ മത്സരം സംഘടിപ്പിക്കുന്നു. മത്സരം കാസർകോട് ഗവൺമെന്റ് കോളേജ് ഓഡിറ്റോറിയത്തിൽ ഡിസംബർ 22 രാവിലെ 10 മണിക്ക് ജില്ലാകലക്ടർ ഡോ. ഡി. സജിത്ബാബു ഉദ്ഘാടനം ചെയ്യും..ഗവൺമെന്റ് കോളേജ് പ്രിൻസിപ്പാൽ ഡോ. അരവിന്ദ് കൃഷ്ണൻ.കെ, അദ്ധ്യക്ഷത വഹിക്കും. നേരത്തെ അപേക്ഷ

സമർപ്പിച്ച വിദ്യാർത്ഥികളും പുതുതായി അപേക്ഷിക്കാൻ ആഗ്രഹിക്കുന്ന വിദ്യാർത്ഥികളും സ്ക്കൂൾ ഹെഡ്മാസ്റ്ററുടെ സാക്ഷ്യപത്രം സഹിതം അന്നേ ദിവസം രാവിലെ 9 മണിക്കു മുമ്പായി ഗവ: കോളേജ് ആഡിറ്റോറിയത്തിൽഎത്തിച്ചേരണം .കൂടുതൽ വിവരങ്ങൾക്ക് 9446426283, 7012282998.

## ലേലം നാളെ

ബളാംതോട് ഗവ. ഹയർസെക്കന്ററി സ്കൂളിൽ കെട്ടിട നിർമ്മാണവുമായി ബന്ധപ്പെട്ട് മുറിച്ചു മാറ്റിയ മരങ്ങളുടെ തടിയും, വിറകും നാളെ (ഡിസംബർ 21) 11 മണിക്ക് സ്കൂൾ കോമ്പൗണ്ടിൽ വെച്ച് ലേലം ചെയ്യുന്നു.കൂടുതൽ വിവരങ്ങൾക്ക് സ്കൂൾ ഓഫീസുമായി ബന്ധപ്പെടുക.

## ആംബുലൻസിന് ക്വട്ടേഷൻ ക്ഷണിച്ചു

ജില്ലാ ആശുപത്രിയിലേക്ക് അടിയന്തിര ആവശ്യത്തിനായി ആംബുലൻസ് വാടകയ്ക്ക് നൽകാൻ സന്നദ്ധതയുള്ള വാഹന ഉടമകളിൽ നിന്നും ക്വട്ടേഷൻ ക്ഷണിച്ചു. ജനുവരി 1ന് രാവിലെ 11 മണി വരെ സ്വീകരിക്കുന്ന ക്വട്ടേഷൻ അന്നു ഉച്ചയ്ക്ക് 12 മണിക്ക് തുറന്ന് പരിശോധിക്കും. കൂടുതൽ വിവരങ്ങൾക്ക് ജില്ലാ ആശുപത്രി സൂപ്രണ്ട് ഓഫീസുമായി ബന്ധപ്പെടുക. ഫോൺ: 0467-2217018

## മത്സ്യത്തൊഴിലാളികളിൽ നിന്നും അപേക്ഷ ക്ഷണിച്ചു.

ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ മത്സ്യത്തൊഴിലാളികളുടെ സുരക്ഷ ഉറപ്പ് വരുത്തുന്നതിനായി ലൈഫ് ജാക്കറ്റുകൾ വിതരണം ചെയ്യും. ഓരോ പരമ്പരാഗത മത്സ്യബന്ധന യാനത്തിനും അതിലെ തൊഴിലാളികളുടെ എണ്ണം അനുസരിച്ച് പരമാവധി 5 ലൈഫ് ജാക്കറ്റുകൾ അനുവദിക്കും. ഇതിന് രജിസ്ട്രേഷനും ലൈസൻസും ഉള്ള പരമ്പരാഗത മത്സ്യബന്ധന യാനങ്ങളുടെ ഉടമകളിൽ നിന്നും അപേക്ഷകൾ ക്ഷണിച്ചു.മത്സ്യത്തൊഴിലാളികൾക്ക് കേരള മത്സ്യത്തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗത്വം ഉണ്ടായിരിക്കണം. അപേക്ഷാ ഫോറം ഫിഷറീസ് വകുപ്പ്

ജില്ലാ ഓഫീസുകൾ, ഫിഷറീസ് സ്റ്റേഷനുകൾ, മത്സ്യഭവനുകൾ എന്നിവിടങ്ങളിൽ നിന്നും ലഭിക്കും. പൂരിപ്പിച്ച അപേക്ഷകൾ ഡിസംബർ 28 ന് വൈകുന്നേരം 5 മണി വരെ അതത് ആഫീസുകളിൽ സ്വീകരിക്കും.

## പെൻഷൻ അദാലത്ത് നടത്തും

കുമ്പള ഗ്രാമപഞ്ചായത്തിൽ സാമൂഹ്യ സുരക്ഷ പെൻഷന് അപേക്ഷ സമർപ്പിക്കുകയും പുതിയ മാനദണ്ഡ പ്രകാരം നിരസിക്കുകയും ചെയ്ത അപേക്ഷകർക്കുള്ള അദാലത്ത് ഡിസംബർ 29 ന് രാവിലെ 11 മുതൽ പഞ്ചായത്ത് ഹാളിൽ നടത്തും. പരാതി പരിഹരിക്കുന്നതിനാവശ്യമായ രേഖകൾ സഹിതമുള്ള അപേക്ഷ ഡിസംബർ 24 നകം പഞ്ചായത്തിൽ സമർപ്പിക്കണം. പെൻഷൻ ഇനം ആധാർ നമ്പർ, അംഗീകൃത തിരിച്ചറിയൽ രേഖയുടെ പകർപ്പ്, പരാതിക്കാൻ താമസി ക്കുന്ന വാർഡ്, പരാതിയുടെ ചുരുക്കം എന്നിവ അപേക്ഷയിൽ രേഖപ്പെടുത്തണം.

അവസാനിച്ചു